**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2011** **09-12-2022 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട നിയമോപദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം റദ്ദാക്കിയ സുപ്രീംകോടതി വിധിക്കെതിരെ പുന:പരിശോധനാ ഹർജി നൽകുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ, ആരിൽ നിന്നാണ് ഇപ്രകാരം നിയമോപദേശം തേടിയതെന്നും ലഭിച്ച നിയമോപദേശം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം റദ്ദാക്കിയ സുപ്രീംകോടതി വിധിക്കെതിരെ പുനഃപരിശോധനാ ഹർജി നൽകുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ഉന്നത വിദ്യാഭ്യാസ വകുപ്പ് ആരാഞ്ഞിരുന്നു. കൂടാതെ, ബഹു. സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. കെ. കെ. വേണുഗോപാലും ഇതു സംബന്ധിച്ച് നിയമോപദേശം ലഭ്യമാക്കിയിരുന്നു. |
| (ബി) | ഇപ്രകാരം നിയമോപദേശം നൽകിയതിന് എത്ര രൂപ ഫീസായി അനുവദിച്ചിട്ടുണ്ട്; ഫീസ് നൽകി വാക്കാലുള്ള നിയമോപദേശം വാങ്ങുന്നത് ഏതു ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ പ്രകാരം വാക്കാലുള്ള നിയമോപദേശത്തിന് ഫീസ് അനുവദിച്ച് നൽകിയ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ശ്രീ. കെ. കെ. വേണുഗോപാലിന് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട കേസുകളിൽ നിയമോപദേശം നൽകിയതിന് ഫീസ് അനുവദിച്ചത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# ANNEXURE

| Sl. No | Matter/Case | Name of Advocate | Amount |
|---|---|---|---|
| 1. | For oral opinion in conferences held on 29.10.2022 and 30.10.2022 with Law Officers of the State in relation to the amendment of various Universities' Acts in the State; the delay in assent being accorded by the Honourable Governor to the Bills passed by the State Legislature; the nature and scope of "pleasure" of the Honourable Governor under Article 163 of the Constitution of India; and filing of review petition before the Honourable Supreme Court in Civil Appeal No. 7634 and 7635 of 2022. | K.K.Venugopal, Senior Advocate | 15,00,000/- |

സെക്ഷൻ ഓഫീസർ